**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2346

13.2.2013 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹനവകുപ്പിൽ പുതിയ തസ്തികകൾ

ചോദ്യം
ശ്രീമതി ഇ.എസ്. ബിജിമോൾ:

ഉത്തരം
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പിൽ 529 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി 2012 സെപ്റ്റംബർ മാസം 26-ാം തീയതി മന്ത്രിസഭയുടെ പരിഗണനയ്ക്കുവന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) യും (ബി) യും | 2012 സെപ്റ്റംബർ മാസം 26-ാം തീയതി ചേർന്ന മന്ത്രിസഭായോഗം, മോട്ടോർ വാഹനവകുപ്പിൽ 529 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള ഗതാഗത കമ്മീഷണറുടെ ശുപാർശ പരിശോധിച്ച ശേഷം ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള എംപവേഡ് കമ്മിറ്റി ഇക്കാര്യം പരിശോധിച്ച്, വീണ്ടും മന്ത്രിസഭായോഗത്തിൽ കൊണ്ടുവരണമെന്ന് തീരുമാനിക്കുകയുണ്ടായി. എംപവേഡ് കമ്മറ്റി ഇതു സംബന്ധിച്ചുള്ള ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു . |
| (ബി) | ക്യാബിനറ്റിന്റെ പരിഗണനയ്ക്കുവന്ന പ്രസ്തുത ഫയലിൻമേൽ എടുത്ത തീരുമാനം ഉത്തരവായി പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**